**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2214</u>** **<u>03-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>റേഷൻ വ്യാപാരികളുടെ കമ്മീഷൻ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ വ്യാപാരികൾക്കുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും റേഷൻ വ്യാപാരികളുടെ കമ്മീഷൻ പരിഷ്കരിക്കുന്നതിനും യഥാസമയം കമ്മീഷൻ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (എ) | റേഷൻ വ്യാപാരികളുടെ കമ്മീഷൻ പരിഷ്കരിക്കുന്നതിനായി സർക്കാർ നിയോഗിച്ച മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. റേഷൻ വ്യാപാരികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി, ന്യായവിലകടകളെ കെ-സ്റ്റോറുകളായി ഉയർത്തി, നിലവിൽ നൽകിവരുന്ന സേവനങ്ങൾക്കു പുറമെ മിൽമയുടെ തിരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങൾ, വ്യവസായ വാണിജ്യ വകുപ്പിനു കീഴിലുള്ള (MSME) ചെറുകിട വ്യവസായ യൂണിറ്റുകൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ, CSC സേവനങ്ങൾ എന്നിവ നൽകി വരുന്നുണ്ട്. KTPDS കൺട്രോൾ ഓർഡർ 2021 അനുസരിച്ച് ഓരോ മാസത്തെയും കമ്മീഷൻ തൊട്ടടുത്ത മാസത്തിലെ അവസാന ദിനത്തിനു മുൻപ് നൽകണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. 2025 ജനുവരി മാസത്തെ കമ്മീഷൻ 15/02/2025 നു മുൻപ് നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ